<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 780</u> <u>11-06-2024 - ൽ മറുപടിയ്ക്ക്</u>

<u>സഹകരണ മേഖലയിലെ നേട്ടങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി,**<br>**ശ്രീ. കെ. ആൻസലൻ,**<br>**ശ്രീ. ടി.ഐ.മധുസൂദനൻ,**<br>**ശ്രീ. എച്ച്. സലാം** | | **ശ്രീ. വി.എൻ വാസവൻ**<br>**(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ മേഖലയിലെ നേട്ടങ്ങൾ അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധിക്കപ്പെടുന്ന തരത്തിൽ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ജോർദ്ദാനിൽ വച്ച് 2024 ഏപ്രിൽ 28,29,3 എന്നീ തീയതികളിൽ നടന്ന 11-ാമത് ഏഷ്യ പസഫിക് രാജ്യങ്ങളിലെ സഹകരണ മന്ത്രിമാരുടെ കോൺഫറൻസ് ഇന്റ നാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസു അതിന്റെ ഏഷ്യാ പസഫിക് റീജിയനു ജോർദ്ദാനിലെ സഹകരണ വകുപ്പും ചേർന്ന സംഘടിപ്പിച്ചു. കേരളത്തിലെ സഹകരണ മേഖലയിലെ നേട്ടങ്ങൾ, അന്താരാഷ തലത്തിൽ ശ്രദ്ധിക്കപ്പെടുന്ന തരത്തിൽ, ഇന്റ നാഷണൽ കോ- ഓപ്പറേറ്റീവ് അലയൻസ് ന്റെ ഉച്ചകോടിയിൽ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട കേരളത്തിലെ സഹകരണ മേഖലയുടെ പ്രവർത്തനങ്ങളെ ഐ.സി.എ ഏഷ്യ പസഫിക് ഭാരവാഹികള അഭനന്ദിക്കുകയുണ്ടായി. |
| (ബി) | 'ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസ്'-ന്റെ ഉച്ചകോടിയിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾ പങ്കെടുത്തിരുന്നോ; പ്രസ്തുത ഉച്ചകോടിയിൽ ഏതൊക്കെ മേഖലകളിലെ നേട്ടങ്ങളാണ് പ്രധാനമായും ചർച്ച ചെയ്യപ്പെട്ടത്; വിശദാംശം നൽകുമോ; | (ബി) | ഇന്ത്യയിൽ നിന്നും ഉച്ചകോടിയിൽ പങ്കെടുക്കാൻ ക്ഷണം ലഭിച്ചത് കേന്ദ്ര സഹകരണവകുപ്പ് മന്ത്രിക്കും കേരള സംസ്ഥാന സഹകരണ വകുപ്പ് മന്ത്രിയ്ക്കും മാത്രമായിരുന്നു. മറ്റ് സംസ്ഥാനങ്ങൾ പങ്കെടുത്തിട്ടില്ല. ഏഷ്യാ - പസഫിക് മേഖലയിലെ എല്ലാ രാജ്യങ്ങളിലും വച്ച് സഹകരണ മേഖലയിലെ പ്രത്യേക അടിത്തറയുള്ള സംസ്ഥാനമെന്ന നിലയിലും സഹകരണ മേഖലയിൽ വലിയ പ്രവർത്തനങ്ങൾ, പരീക്ഷണങ്ങൾ എന്നിവ നടക്കുന്ന സംസ്ഥാനമെന്ന നിലയിലും ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസ് പ്രത്യേക ക്ഷണിതാവായി |

| | | | |
|---|---|---|---|
| | | | ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിലാണ് കേരള സംസ്ഥാന സഹകരണ വകുപ്പ് മന്ത്രി ടി മീറ്റിംഗിൽ പങ്കെടുത്തത്.<br><br>കേരളത്തിന്റെ സഹകരണ മേഖലയിലെ നേട്ടങ്ങൾ വിശദമായി അവതരിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2018-19 കാലയളവിൽ കേരളത്തിലുണ്ടായ വെള്ളപ്പൊക്കത്തോടനുബന്ധിച്ച് വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ മേഖല വഴി നടപ്പാക്കിയ കെയർ ഹോം പദ്ധതി, കോവിഡ് കാലത്ത് സഹകരണ വകുപ്പ് നൽകിയ സംഭാവനകൾ, വിദ്യാഭ്യാസ രംഗത്തെ സഹകരണ മേഖലയുടെ ഇടപെടലുകൾ, ആരോഗ്യപരിപാലന രംഗത്തെ സഹകരണ മേഖലയുടെ ഇടപെടലുകൾ, യുവജന സഹകരണ സംഘങ്ങൾ, ട്രാൻസ്ജെന്റർ സമൂഹത്തിനായിട്ടുള്ള സഹകരണ സംഘങ്ങൾ, കേരളത്തിലെ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രംഗത്തെ സഹകരണ മേഖലയുടെ വൈവിധ്യമാർന്ന പ്രവർത്തനങ്ങളെ സംബന്ധിച്ചും ആധുനിക കാലഘട്ടത്തിനനുസൃതമായി സഹകരണ മേഖലയിൽ നടപ്പാക്കിയുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ചും സമ്മേളനത്തിൽ അവതരിപ്പിക്കുവാൻ സാധിച്ചു. |
| (സി) | സുസ്ഥിര വികസന ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനും അതോടൊപ്പം ക്ഷേമപ്രവർത്തനങ്ങളിൽ സമൂഹത്തെ ചേർത്തുനിർത്തുന്നതിനും സംസ്ഥാനത്തെ സഹകരണ മേഖല നൽകിയ സംഭാവനകൾ പ്രസ്തുത സമ്മേളനത്തിൽ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട് . സുസ്ഥിര വികസനം സഹകരണ മേഖലയിലൂടെ എന്ന വിഷയം അടിസ്ഥാനമാക്കി ചർച്ചകൾ നടന്നു.. കേരളത്തിലെ സഹകരണ മേഖല, വികസന-ക്ഷേമ പ്രവർത്തനങ്ങളിൽ നടത്തുന്ന ഇടപെടലുകൾ ടി യോഗത്തിൽ അന്താരാഷ്ട്ര തലത്തിൽ പ്രശംസിക്കപ്പെട്ടു. മറ്റുരാജ്യങ്ങളിലെ സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ സഹകരണ മേഖല വളരെയേറെ മുന്നോട്ട് പോയിട്ടുണ്ട്. മറ്റ് രാജ്യങ്ങളിൽ ചില പ്രത്യേക മേഖകളിൽ മാത്രമാണ് സഹകരണ പ്രസ്ഥാനം പ്രവർത്തിക്കുന്നത് എന്നാൽ കേരളത്തിലെ സഹകരണ പ്രസ്ഥാനം എല്ലാ മേഖലയിലും പ്രവർത്തിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ